പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107 01.12.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും മൊത്തം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി ഈ സർക്കാരിന്റെ കാലത്ത് 2011-12 വർഷത്തിൽ 7861.74 കോടി രൂപയുടെയും 2012-13 വർഷത്തിൽ 8818.18 കോടി രൂപയുടെയും 2013-14 വർഷത്തിൽ 9350.18 കോടി രൂപയുടെയും 2014-15 വർഷത്തിൽ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെയും മദ്യവില്പന നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മൊത്തം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ വില്പന നടത്തിയിരുന്ന മദ്യം എത്ര കോടി രൂപയുടേതായിരുന്നു; വിശദമാക്കുമോ; | (ബി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യവും മുൻവർഷം ഇതേ കാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവും വില്പന നടത്തിയിരുന്നു. |
| (സി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച വരുമാനം എത്ര കോടി രൂപയുടേതായിരുന്നു; മുൻവർഷം ഇതേ കാലയളവിൽ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയുടേതായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4648.41 കോടി രൂപയുടെയും മുൻവർഷം ഇതേകാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4386.16 കോടി രൂപയുടെയും വരുമാനം മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ചു. |

സെക്ഷൻ ഓഫീസർ